**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1170** — **18-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ ,<br>ശ്രീ യു. ആർ. പ്രദീപ്,<br>ശ്രീ. എസ്. രാജേന്ദ്രൻ,<br>ശ്രീ കെ. കുഞ്ഞിരാമൻ** | | **Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനു ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടിയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടുതൽ കാലം ഈട് നിൽക്കുന്ന ബി എം & ബി സി റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വാഭാവിക റബർ, കയർ ജിയോടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകി വരുന്നു. തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യ (ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി, Milling) നടപ്പാക്കിയിട്ടുണ്ട്. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണ രീതി നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പാലങ്ങളുടെയും ദേശീയപാതകളുടെയും രണ്ടാം ഘട്ട ഗുണനിലവാര പരിശോധനകളാണ് 11 ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളിലും മൂന്ന് റീജിയണൽ ലാബുകളിലും നടത്തി വരുന്നത് . സർക്കാർ ഫണ്ട് ലഭ്യമാക്കിയതിനാലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആവശ്യമുള്ള ഇൻസ്പെക്ഷൻ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് വാഹന സൗകര്യം ലഭ്യമാക്കുന്നതിനും ക്വാളിറ്റി പരിശോധനകൾ നടത്തുന്നതിന് അത്യാവശ്യമുള്ള യന്ത്രോപകരണങ്ങൾ സജ്ജീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. എല്ലാ ജീവനക്കാർക്കും കരാറുകാർക്കും സാങ്കേതിക പരിശീലനം നടത്തുന്നതിലേയ്ക്കായി പ്രത്യേക സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നതിനു ശേഷം നിർമ്മിതികളുടെ ബലപരിശോധനകൾ നടത്തുന്നതിനായുള്ള ഏതാനും എൻ ഡി റ്റി ഉപകരണങ്ങൾ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. വർക്ക് സൈറ്റിൽ വച്ച് തന്നെ പരിശോധനകൾ നടത്തുവാൻ സാധിക്കുന്ന തരം ആധുനിക യന്ത്രോപകരണങ്ങൾ സജ്ജീകരിച്ചുള്ള മൊബൈൽ ലാബ് സംവിധാനം ലഭ്യമാക്കുന്നതിനു വേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. സർക്കാരിന്റെ 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയത്തിൽ ഊന്നൽ നൽകി കൊണ്ട് ഗുണനിലവാര പരിശോധനകൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി കെ എച്ച് ആർ ഐ ലബോറട്ടറിയ്ക്ക് ഐ എസ് ഒ 17025 എന്ന ഇന്റർനാഷണൽ പ്രകാരമുള്ള എൻ എ ബി എൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പൈലറ്റിംഗ് പ്രോജക്ടുകൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടി പാലക്കാട് ഐ ഐ ടി യുമായി ചേർന്ന് നാഷണൽ കോൺഫറൻസ് സംഘടിപ്പിക്കുകയും അതിന്റെ ജേർണൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | പൊതുമരാമത്ത് പ്രവൃത്തികൾ കാലതാമസം കൂടാതെയും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രൈസ് സോഫ്റ്റ് വെയറുമായി ഇ -ടെണ്ടർ പോർട്ടൽ ലിങ്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കരാറുകാരുടെ രജിസ്ട്രേഷൻ 01.04.2020 മുതൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി ചെയ്ത് വരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ ബിൽ പേയ്മെന്റ് വരെയുള്ള എല്ലാം പ്രൈസ് മുഖേന കാര്യക്ഷമമായി നടന്നു വരുന്നു. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ തന്നെ ഒരു പൂർത്തീകരണ കാലാവധി നിശ്ചയിച്ചു ഉൾപ്പെടുത്താറുണ്ട്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ തന്നെ സ്ഥലം ഏറ്റെടുക്കലോ യൂട്ടിലിറ്റി ഷിഫ്റ്റിംഗോ |

| | | | |
|---|---|---|---|
| | | | ആവശ്യമാണെങ്കിൽ അതും കൂടി ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പുരോഗമിക്കുമ്പോൾ ഉദ്യോഗസ്ഥ തലത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കരാറുകാരൻ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കാണിച്ചുകൊണ്ട് കരാറുകാരന് നോട്ടീസ് നൽകുകയും കരാറുകാരന്റെ പിഴവ് കൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടി വരുന്നതെങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർച്ചിരിക്കുന്നവിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാര്യങ്ങളില്ലാതെ നിർത്തി വച്ചാൽ റിവൈസ്ഡ് പി ഡബ്ല്യു ഡി മാന്വൽ 2012 പ്രകാരം കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്യുന്നു |
| (സി) | പൊതുമരാമത്ത് മേഖലയിലെ അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ടോൾഫ്രീ നമ്പർ നിലവിലുണ്ട്. ഇ-മെയിൽ, ഫാക്സ്, ഫോൺ എന്നിവ മുഖേനയും പരാതികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി ഫോൺ ഇൻ പ്രോഗ്രാമിലൂടെ നേരിട്ടും പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിച്ചുവരുന്നു. നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളുടെ വിവരങ്ങളും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെയും ഫോൺ നമ്പരുകളും ഇ-മെയിൽ ഐ ഡി യും വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് കൈമാറുകയും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്തു വരുന്നു |

സെക്ഷൻ ഓഫീസർ